(സി) ഐ. ടി. അറ്റ് സ്കൂൾ പദ്ധതി പ്രകാരം 61 സർക്കാർ ഹൈസ്കൂളുകളിൽ കമ്പ്യൂട്ടർ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ 56 സർക്കാർ/എയ്ഡഡ്/അൺഎയ്ഡഡ് സ്കൂളുകളിൽ മറ്റു ഫണ്ടുകളുപയോഗിച്ചും കമ്പ്യൂട്ടറുകൾ നൽകി.

(ഡി) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷിതത്വവും അടിസ്ഥാനസൗകര്യ വികസനവും

56 [3039] *ശ്രീ. കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അദ്ധ്യയന വർഷാരംഭത്തിനു മുമ്പുതന്നെ സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലെ കെട്ടിടങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കിയിരുന്നോ;

(ബി) സംസ്ഥാനത്തെ എല്ലാ സ്കൂളുകളുടേയും അറ്റകുറ്റപ്പണികൾ പൂർത്തിയാക്കിയതായി ഉറപ്പു വരുത്തിയിട്ടുണ്ടായിരുന്നോ;

(സി) സംസ്ഥാനത്ത് ഇപ്പോഴും കുട്ടികൾക്ക് പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കാൻ സൗകര്യമില്ലാത്ത സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കാനാവശ്യമായ പരിശോധനകളും തുടർ നടപടികളും സ്വീകരിക്കുമോ?

ഉത്തരം

(എ) ഉറപ്പാക്കിയിട്ടുണ്ട്.

(ബി) മിക്ക സ്കൂളുകളുടേയും അറ്റകുറ്റപ്പണികൾ പൂർത്തിയാക്കിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) നടപടികൾ സത്വരമായി സ്വീകരിച്ചുകൊണ്ടിരിക്കുന്നു.

വയബിൾ അല്ലാത്ത സ്കൂളുകൾ നിറുത്തലാക്കുന്നത് സംബന്ധിച്ച സർക്കാർ നയം

57 [3040] *ശ്രീ. കെ. വി. കുഞ്ഞിരാമൻ:*
,, *വി. കെ. ചന്ദ്രൻ :*
,, *പി. സി. ജോർജ്:*
,, *എം. വി. ഗോവിന്ദൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) വയബിൾ അല്ലാത്ത സ്കൂളുകൾ നിറുത്തലാക്കുന്നത് സംബന്ധിച്ച സർക്കാർ നയം വ്യക്തമാക്കുമോ;

(ബി) എങ്ങനെയുള്ള സ്കൂളുകളാണ് വയബിൾ അല്ലാത്ത സ്കൂളുകളായി കണക്കാക്കപ്പെട്ടിട്ടുള്ളത്;

(സി) വയബിൾ അല്ലാത്തതിന്റെ പേരിൽ ഈ വർഷം എത്ര സ്കൂളുകൾ നിറുത്തലാക്കിയിട്ടുണ്ട്;

(ഡി) ഈ വർഷം ഏതൊക്കെ സ്കൂളുകളാണ് അടുത്ത പ്രദേശത്തെ സ്കൂളുകളുമായി അമാൽഗമേറ്റ് ചെയ്തിട്ടുള്ളത്;

(ഇ) കാഞ്ഞിരപ്പള്ളി പേട്ട സ്കൂൾ മറ്റേതെങ്കിലും സ്കൂളുമായി അമാൽഗമേറ്റ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ സ്കൂളിന്റെ ഉടമസ്ഥതയിലുള്ള ഭൂമി എന്ത് ആവശ്യത്തിന് ഉപയോഗിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്?

ഉത്തരം

(എ) സർക്കാർ/എയ്ഡഡ് മേഖലകളിൽ സ്കൂളുകൾ നിർത്തലാക്കുന്നത് ഈ സർക്കാരിന്റെ നയമല്ല. എന്നാൽ തുടർച്ചയായ വർഷങ്ങളിൽ മതിയായ എണ്ണം കുട്ടികളില്ലാതെ പ്രവർത്തിച്ചുവരുന്നതും അദ്ധ്യാപകരുടെ ശമ്പളത്തിനും മറ്റു ഭരണപരമായ ആവശ്യങ്ങൾക്കുമായി സർക്കാരിനു ഭീമമായ നഷ്ടം വരുത്തുന്നതുമായ സ്കൂളുകൾ വേണ്ട പരിശോധനകൾക്കും വിലയിരുത്തലുകൾക്കും ശേഷം പ്രദേശത്തെ ലഭ്യമായ പഠനസൗകര്യങ്ങൾകൂടി കണക്കിലെടുത്ത് പ്രവർത്തനം നിർത്തലാക്കാറുണ്ട്.

(ബി) സാധാരണയായി, ഒരു ഡിവിഷനിൽ ഏറ്റവും കുറഞ്ഞത് 25-ഉം സ്കൂളിൽ മൊത്തത്തിൽ 50-ഉം എണ്ണം കുട്ടികൾ ഉള്ള പ്രൈമറി സ്കൂളുകളും, ഒരു ഡിവിഷനിൽ കുറഞ്ഞത് 25-ഉം മൊത്തം 100-ഉം കുട്ടികൾ ഉള്ള ഹൈസ്കൂളുകളും എക്കണോമിക് സ്കൂളുകളായി കണക്കാക്കപ്പെടുന്നു. ഈ എണ്ണത്തിൽ കുറവു വരുമ്പോൾ മാത്രമാണ് അത്തരം സ്കൂളുകളെ ഇക്കണോമിക് പട്ടികയിൽപ്പെടുത്താറുള്ളത്. കെ. ഇ. ആറിലെ വ്യവസ്ഥയനുസരിച്ച് ഒരു സ്റ്റാൻഡേർഡിൽ 25-ന് താഴെ കുട്ടികൾ മാത്രമേയുള്ളൂ എങ്കിൽ അത് വയബിളായി കണക്കാക്കാൻ പാടില്ല.

(സി) ഈ വർഷത്തെ സ്റ്റാഫ് ഫിക്സേഷൻ നടപടികൾ പൂർത്തിയായിട്ടില്ലാത്തതിനാൽ വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) ഈ വർഷം കാഞ്ഞിരപ്പള്ളി പേട്ട ഹൈസ്കൂൾ സമീപത്തുതന്നെയുള്ള കാഞ്ഞിരപ്പള്ളി ഗവ. ഹൈസ്കൂളുമായി അമാൽഗമേറ്റ് ചെയ്യുവാൻ ഉത്തരവായിട്ടുണ്ട്.

(ഇ) കാഞ്ഞിരപ്പള്ളി പേട്ട ഹൈസ്കൂൾ സമീപത്തുതന്നെയുള്ള കാഞ്ഞിരപ്പള്ളി ഗവ. ഹൈസ്കൂളുമായി അമാൽഗമേറ്റ് ചെയ്യുവാൻ ഉത്തരവായിട്ടുണ്ട്. എന്നാൽ ഡബ്ല്യു.പി. (സി)/18665/05 (വി) എന്ന പരാതിയിന്മേൽ ബഹു. ഹൈക്കോടതിയുടെ 23-6-2005-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി സർക്കാർ ഉത്തരവ് നടപ്പിലാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly